# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 മേയ് 29 | ദീപം 58 | നാളം 12 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





അനിൽ ജെ. തയ്യിൽ




# പരാക്രമം ഇങ്ങനെ തുടർന്നാൽ പാവം ജനം എന്തു ചെയ്യും ?

നമ്മുടെ വീട്ടിൽ സംഭവിക്കാത്തിടത്തോളം കാലം അയൽവീട്ടിലെ ദുരന്തം നമുക്ക് ഒരു കാഴ്ചമാത്രമാണ്. ആ കാഴ്ച കണ്ടിരിക്കുകയാണ് കേരളസർക്കാർ ഇപ്പോൾ ചെയ്യുന്നത്. ഏതാനും ദിവസംമുമ്പ് മലപ്പുറം കാളികാവിൽ റബർടാപ്പിങ്ങിനു പോയ അബ്ദുൽ ഗഫൂറിനെ കടുവ കൊലപ്പെടുത്തി. ഒപ്പമുണ്ടായിരുന്ന സുഹൃത്ത് സമദ് ഓടിരക്ഷപ്പെട്ടു. ഈ ലേഖനമെഴുതുമ്പോൾ പാലക്കാട് എടത്തനാട്ടുകരയിൽ വാരിപ്പറമ്പിൽ ഉമ്മർ റബർടാപ്പിങ്ങിനു പോകുമ്പോൾ കാട്ടാനയാക്രമണത്തിൽ കൊല്ലപ്പെട്ട വാർത്തയാണ് പുറത്തുവന്നിരിക്കുന്നത്.

ഓരോ വന്യജീവിയാക്രമണത്തിനു ശേഷവും പ്രദേശവാസികൾ മൃതദേഹവുമായി പ്രതിഷേധിക്കും. കളക്ടർ അല്ലെങ്കിൽ തൊലിക്കട്ടിയുള്ള ഏതെങ്കിലും നേതാക്കൾ വരും. സംഘർഷാവസ്ഥ ശമിപ്പിക്കും. മൃതദേഹം സ്ഥലത്തുനിന്നു മാറ്റും. അതോടെ തീർന്നു.

പിന്നെ സങ്കടവും അനിശ്ചിതാവസ്ഥയും ബാക്കിയാകുമ്പോൾ അടുത്ത കൊലയാളിമൃഗം ഇറങ്ങിവരുന്നത് ഭീതിയോടെ കാത്തിരിക്കേണ്ട അവസ്ഥ. വനത്തിനുള്ളിൽ എന്തിനു കയറി എന്നുള്ള ചോദ്യമാണ് വനംവകുപ്പുമന്ത്രി ചോദിക്കുന്നത്!

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്ന ഒരു സർക്കാരിന്റെ പ്രാഥമിക ഉത്തരവാദിത്വം തങ്ങൾക്കു ബാധകമല്ല എന്ന് അടിവരയിട്ടു തെളിയിച്ചിരിക്കുകയാണ് കേരളത്തിന്റെ ഭരണകർത്താക്കൾ. വാഴ്ത്തുപാട്ടുകളുടെ ധൂർത്തിനായി കോടികൾ വാരിയെറിയുന്ന സംസ്ഥാനസർക്കാർ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളോടു മുഖം തിരിച്ചുനിൽക്കുന്നുവെന്നതിനുള്ള രണ്ടുദാഹരണങ്ങളാണ് സർക്കാരിനു നിയന്ത്രണം നഷ്ടപ്പെട്ട് താന്തോന്നിത്തം കാണിക്കുന്ന വനംവകുപ്പും, സർക്കാർ അമ്പേ പരാജയപ്പെട്ട തെരുവനായശല്യവും. ന്യായീകരിച്ചു മടുത്ത സിപിഎം ജനപ്രതിനിധി ഒടുവിൽ വനംവകുപ്പ് ഓഫീസിൽ കയറി ബലപ്രയോഗം നടത്തിയ കാഴ്ചയും കാണേണ്ടിവന്നു കേരളത്തിന്! തങ്ങളുടെ കടമ നിറവേറ്റാൻ കഴിവില്ലാത്ത ഒരു സർക്കാരിന്റെ മുഖത്തേറ്റ അടിയായിരുന്നു. അതെങ്കിലും എല്ലാ പരാജയങ്ങൾക്കുമെന്നപോലെ ഇതിലും കേന്ദ്രനിയമത്തെ കുറ്റപ്പെടുത്തി കൈകഴുകാനാണ് മുഖ്യമന്ത്രിയുടെ ശ്രമം. അതേസമയം, ഉപദ്രവകാരികളായ വന്യമൃഗങ്ങളെ വെടിവച്ചു കൊല്ലാമെന്ന വകുപ്പ് അദ്ദേഹം കണ്ടിട്ടുമില്ല.

## പ്രതികാരദാഹികളും സാഡിസ്റ്റുകളുമോ വനംവകുപ്പ്?

മലയോരമേഖലയിലെ കർഷകരെ വന്യജീവികൾക്കുള്ള ഭക്ഷണമായി സർക്കാർ കാണരുതെന്ന് ആർച്ചുബിഷപ് മാർ ജോസഫ് പാംബ്ലാനി ആഞ്ഞടിച്ചത് ഇത്തരുണത്തിലാണ്. സർക്കാരിനോടു പറയുന്നതിലും ഭേദമാണ് കൊന്നുതിന്നാൻ വരുന്ന വന്യമൃഗങ്ങളോടു പറയുന്നതെന്നുള്ള അങ്ങേയറ്റം രൂക്ഷമായ ഭാഷയിലാണ് അദ്ദേഹം വിമർശിച്ചത്. വർത്തമാനകാലദുരവസ്ഥയാണ് അദ്ദേഹത്തെക്കൊണ്ട് അങ്ങനെ പറയിപ്പിച്ചത്. മലപ്പുറത്ത് കാളികാവിൽ ടാപ്പിങ് തൊഴിലാളിയുടെ ജീവനെടുത്ത നരഭോജി കടുവയെ ഇത്രയും ദിവസങ്ങളായി പിടിക്കാനാവാത്ത വനംവകുപ്പുദ്യോഗസ്ഥർ മരങ്ങളിൽ ക്യാമറ ഫിറ്റു ചെയ്തു കളിക്കുകയാണ്. മലമ്പുഴയിൽ ഉറങ്ങിക്കിടന്ന മൂന്നു കുഞ്ഞുങ്ങളുടെ സമീപം കടുവ വന്നുപോയതും ഇക്കഴിഞ്ഞ ദിവസമാണ്. കണക്കുകളനുസരിച്ച് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ വന്യജീവിയാക്രമണത്തിൽ 486 പേർ കൊല്ലപ്പെടുകയും 4527 പേർക്കു പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. അതിൽ 105 പേർ കാട്ടാനയാക്രമണത്തിൽ കൊല്ലപ്പെട്ടവരാണ്. കേരള സ്റ്റേറ്റ് പ്ലാനിങ് ബോർഡിന്റെ റിപ്പോർട്ടുപ്രകാരം ഇക്കാലയളവിൽ 80,956 വിളനാശം സംഭവിച്ച കേസുകളും, 14,144 വളർത്തുമൃഗങ്ങളുടെ കൊലയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏകദേശം 212 കോടി രൂപയുടെ നഷ്ടമാണിത്! ജനങ്ങളുടെ ജീവൻ ഇങ്ങനെ ദിനംതോറും പൊലിയുമ്പോഴാണ് സുരക്ഷയ്ക്കായി നെട്ടോട്ടമോടുന്ന ജനങ്ങളുടെ നേർക്ക് അനങ്ങാപ്പാറനയം സ്വീകരിക്കുകയും അന്യായമായി കേസെടുത്തും അറസ്റ്റുചെയ്തും പീഡിപ്പിക്കുകയും ചെയ്യുന്ന വനംവകുപ്പിന്റെ പരാക്രമം.

വനംവകുപ്പ് കസ്റ്റഡിയിൽ എടുത്തയാളെ ബലംപ്രയോഗിച്ചു മോചിപ്പിക്കേണ്ട നടപടിയിലേക്ക് എത്തിയത് സിപിഎമ്മിന്റെതന്നെ എംഎൽഎ ആയ കെ യു ജനീഷ്കുമാറാണ്. കാട്ടാന നാട്ടിൽ ഷോക്കേറ്റു മരിച്ച സംഭവത്തിൽ പത്തനംതിട്ട പാടം ഫോറസ്റ്റ് ഓഫീസിൽനിന്നാണ് അദ്ദേഹം ഫോറസ്റ്റുകാർ കസ്റ്റഡിയിലെടുത്ത പ്രതിയെ മോചിപ്പിച്ചത്. ഉദ്യോഗസ്ഥരുടെ താന്തോന്നിത്തരം ഈ നിലയ്ക്കു തുടർന്നാൽ നക്സലുകൾ വീണ്ടും ഇറങ്ങിയേക്കുമെന്നും ഓഫീസിലിരിക്കാതെ ഉദ്യോഗസ്ഥർ പുറത്തിറങ്ങി പണിയെടുക്കണം എന്നുമായിരുന്നു ഭരണകക്ഷി എംഎൽഎ പറഞ്ഞത്. അദ്ദേഹത്തിനൊപ്പം സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റുകൂടി നിലയുറപ്പിച്ചത് വനംവകുപ്പിന്റെ ഭരണപരാജയമാണ് ചൂണ്ടിക്കാണിക്കുന്നത്.

വനംവകുപ്പിന്റെ ധാർഷ്ട്യത്തിനും പ്രതികാരനടപടികൾക്കുമെതിരേ കത്തോലിക്കാസഭ രംഗത്തുവന്നപ്പോൾ സഭയ്ക്കെതിരേ തിരിഞ്ഞവർ ഇന്ന് ഇളിഭ്യരായിരിക്കുകയാണ്. പൊതുമരാമത്തുവകുപ്പിന്റെ കൈവശരേഖയിൽ ഉള്ളതും എന്നാൽ, വനഭൂമിയായി രേഖയില്ലാത്തതുമായ പഴയ ആലുവ - മൂന്നാർ റോഡിലൂടെ നടന്നു എന്ന കുറ്റത്തിനാണ് കോതമംഗലം രൂപത ബിഷപ് എമരിറ്റസ് മാർ ജോർജ് പുന്നക്കോട്ടിലിനെതിരേ വനംവകുപ്പ് കേസെടുത്തത്. അദ്ദേഹം സത്യം വിളിച്ചുപറഞ്ഞതിന്റെ പ്രതികാരനടപടിയായാണ് തൊടുപുഴയിൽ നാരങ്ങാനം പള്ളിയുടെ കുരിശു തകർത്തതും കുരിശിന്റെ വഴി തടഞ്ഞതും.

►05

# ദൈവകരുണയുടെ സുവിശേഷകൻ



സി. ലിസറ്റ് വെള്ളാത്തോട്ടം എസ്.എച്ച്.



**ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചൻ അന്തരിച്ചിട്ട് മേയ് 23 ന് തൊണ്ണൂറുവർഷം**

**ഈ** നൂറ്റാണ്ടിൽ കാരുണ്യത്തിന്റെ ശബ്ദമായി ലോകജനതയെ മുഴുവൻ ആകർഷിച്ച് കരുണയ്ക്കു പുതിയ ഭാഷ്യം രചിച്ച ഫ്രാൻസിസ് പാപ്പായുടെ ദർശനങ്ങളും പ്രബോധനങ്ങളും ഒരു നൂറ്റാണ്ടിനുമുമ്പേതന്നെ ജീവിതത്തിൽ പ്രാവർത്തികമാക്കിയ കരുണാർദ്രസ്നേഹത്തിന്റെ പ്രവാചകനാണ് ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചൻ. പ്രവാചകൻ മുമ്പേ പോകുന്നവനും എല്ലാം മുൻകൂട്ടി കാണുന്നവനുമാണ്. കർത്താവിന്റെ സ്നേഹവും കരുണയും പ്രഘോഷിക്കുകയും അതു ജീവിതത്തിൽ പ്രതിഫലിപ്പിക്കുകയും ചെയ്യുക പ്രവാചകന്റെ ദൗത്യമാണ്. ഈ പ്രവാചകദൗത്യം സ്വജീവിതത്തിൽ സാക്ഷാത്കരിച്ച ധന്യൻമത്തായിയച്ചൻ കാരുണ്യത്തിന്റെ സുവിശേഷമായി ജനഹൃദയങ്ങളിൽ ജീവിക്കുന്നു.

സുവിശേഷമൂല്യങ്ങൾ വീരോചിതമായി അഭ്യസിച്ച കദളിക്കാട്ടിൽ മത്തായിയച്ചന്റെ 34 വർഷത്തെ തീക്ഷണവും ത്യാഗനിർഭരവും പരസ്നേഹപൂരിതവുമായ അജപാലന ശുശ്രൂഷയിലൂടെ ഈശോയുടെ കരുണാർദ്രസ്നേഹം ചാലുവറ്റാതെ എല്ലാവരിലേക്കും വിശിഷ്യാ നിരാലംബരായ കുഞ്ഞുങ്ങൾ, അശരണരായ വൃദ്ധജനങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ട ഹരിജനങ്ങൾ, പാപത്തിന്റെ കുരുക്കുവീണവർ, അഗതികൾ, നിർധനർ എന്നിവരിലേക്ക് ഒഴുകിയിറങ്ങി. സുവിശേഷം നിഷ്കർഷിക്കുന്ന കാരുണ്യത്തിന്റെ, സ്നേഹത്തിന്റെ സംസ്കാരം ജീവിതത്തിലുടനീളം പ്രതിഫലിപ്പിച്ച അദ്ദേഹത്തിന്റെ ചിന്തകളും വാക്കുകളും പ്രവൃത്തികളും ദൈവകരുണയുടെ ഒരിക്കലും മായാത്ത ചിത്രങ്ങളായി ചരിത്രത്തിൽ ഇടംനേടി. ജീവിതത്തിന്റെ സമസ്തമേഖലകളിലും കാരുണ്യത്തിന്റെ കൈയൊപ്പു ചാർത്തിയ ധന്യൻ മത്തായിയച്ചൻ അന്ത്യവിധിയുടെ മാനദണ്ഡമായ കാരുണ്യപ്രവൃത്തികളെല്ലാം തന്റെ കർമ്മമണ്ഡലങ്ങളിൽ നിറവേറ്റി ഈശോയുടെ കരുണാർദ്രസ്നേഹത്തിന്റെ വക്താവായി പ്രശോഭിച്ചു. അനുകമ്പ അഥവാ കാരുണ്യം ഹൃദയത്തിൽ സൂക്ഷിക്കുന്നവർ ഒരിക്കലും നിഷ്ക്രിയരാവുകയില്ല. ഹൃദയത്തിൽ കരുണനിറഞ്ഞ വ്യക്തിക്ക് മറ്റുള്ളവരുടെ വേദന അനുഭവിക്കാൻ കഴിയും. ധന്യൻ മത്തായിയച്ചന്റെ ജീവിതം പഠിക്കുമ്പോൾ ഈ സത്യം ബോധ്യപ്പെടും. പാവപ്പെട്ട മനുഷ്യരുടെ ഹൃദയനൊമ്പരങ്ങളും കഷ്ടപ്പാടുമെല്ലാം കൂടെനടന്ന് അനുഭവിച്ച് അവർക്കു സാന്ത്വനമേകിയ ആർദ്രഹൃദയനാണ് അദ്ദേഹം. ഫ്രാൻസിസ് പാപ്പാ പറഞ്ഞതുപോലെ ആടുകളുടെ മണമറിഞ്ഞ യഥാർത്ഥ ഇടയൻ.

സത്യത്തിന്റെയും നീതിയുടെയും കരുണയുടെയും വഴികളിൽ വിവേകത്തോടും വിശുദ്ധിയോടുംകൂടി ജീവിച്ച മത്തായിയച്ചൻ സുവിശേഷം നിഷ്കർഷിക്കുന്ന സ്നേഹസംസ്കാരത്താൽ ജീവിതത്തെ സമലംകൃതമാക്കി. ദൈവികജ്ഞാനത്താൽ പൂരിതനായി എല്ലാവരെയും സ്നേഹത്തിന്റെ നീരുറവയിലേക്ക് ആനയിക്കുവാൻ നിതാന്തജാഗ്രത പുലർത്തിയ ആർദ്രഹൃദയനായിരുന്നു അദ്ദേഹം. ജാതിയും മതവും വർഗവും വർണവുവമെല്ലാം മനുഷ്യനെ ഒറ്റപ്പെടുത്തുന്ന ദുരവസ്ഥ തനിക്കുചുറ്റും നിലനിന്നപ്പോൾ സമൂഹത്തിന്റെ അരികുകളിൽ കഴിയുന്നവരുടെ ഇടയിലേക്ക് തിരുഹൃദയത്തിന്റെ കരുണാർദ്രസ്നേഹമായി കദളിക്കാട്ടിലച്ചൻ കടന്നുചെന്നു. ദൈവസ്നേഹവും പരസ്നേഹവും ഒരുപോലെ ജീവിതത്തിൽ സമന്വയിപ്പിച്ച ആ ദൈവികമനുഷ്യൻ താൻ കണ്ടുമുട്ടിയ ഹൃദയങ്ങളെ കാരുണ്യംകൊണ്ടു വായിക്കുകയും അവരുടെ ഏറ്റവും ആഴത്തിലുള്ള ആവശ്യങ്ങളോട് അതേ കാരുണ്യംകൊണ്ട് പ്രത്യുത്തരിക്കുകയും ചെയ്തുകൊണ്ട് ശബ്ദമില്ലാത്തവരുടെ ശബ്ദമായി നിലകൊണ്ടു. ഈശോയുടെ മാറിൽ ചാഞ്ഞിരുന്ന് അവിടുത്തെ ഹൃദയരഹസ്യങ്ങൾ സ്വന്തമാക്കി സ്നേഹത്തിന്റെ ശിഷ്യനായി രൂപാന്തരപ്പെട്ട യോഹന്നാൻ ശ്ലീഹായെപ്പോലെ മത്തായിയച്ചനും തിരുഹൃദയത്തോടു സദാ ചേർന്നിരുന്ന് ആ ഹൃദയസ്പന്ദനങ്ങൾ സ്വഹൃദയത്തിലേറ്റുവാങ്ങി.

ദൈവകരുണയുടെ സന്ദേശം പ്രഘോഷിക്കാൻ പോളണ്ടിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട വി. ഫൗസ്റ്റീന ജീവിച്ച (1905–1938) അതേ കാലഘട്ടത്തിൽത്തന്നെ പാലായുടെ മണ്ണിൽനിന്നു കരുണാർദ്രസ്നേഹത്തിന്റെ പ്രവാചകനായി മത്തായിയച്ചനെ ദൈവം തിരഞ്ഞെടുത്തുയർത്തി(1872–1935). ഈശോയുടെ തിരുഹൃദയത്തിൽനിന്നു പ്രവഹിച്ച കരുണയുടെ കൃപകൾ ‘ശരണം’ എന്ന ഒരേയൊരു പാത്രം ഉപയോഗിച്ചു കോരിയെടുത്തു ലോകത്തിനു പകർന്നുകൊടുത്ത കാരുണ്യദൂതനാണ് ധന്യൻ മത്തായിയച്ചൻ. കരയുന്നവരോടുകൂടി കരയുവാനും സന്തോഷിക്കുന്നവരോടു കൂടി സന്തോഷിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. ജീവിതത്തിന്റെ നാല്ക്കവലകളിൽ ദിശയറിയാതെ പകച്ചുനിൽക്കുന്നവർക്ക് ചൂണ്ടുപലകയായി മാറിയ ആ ധന്യാത്മാവ് നമ്മുടെ മുമ്പിൽ തെളിച്ചിട്ട കാരുണ്യത്തിന്റെ വഴിത്താരയിലൂടെ സഞ്ചരിച്ച് നമുക്കും കരുണാർദ്രസ്നേഹത്തിന്റെ പ്രേഷിതരാകാം.

■

കവിത
ളാക്കാട്ടൂർ പൊന്നപ്പൻ

## ഇതെന്തൊരു ദേശം?

നേരില്ലാത്തൊരു നിലമുണ്ട്
നെറികെട്ടുള്ളൊരു നാടാണ്

നമ്മളൊരുക്കിയ പുരയാണ്
നമ്മൾ കൊടുത്തൊരു ധനമാണ്

നമ്മുടെ ചൂടും ചൂരും പേറി
നന്നായുണർന്നൊരു ഭൂവാണ്!

ഇന്നതു നമ്മുടെയരിയായി
നന്ദിയെഴാത്തൊരു മൃഗമായി

പാലുകൊടുത്താൽ പകരം നമ്മുടെ
കൈയിൽകൊത്തും പാമ്പായി!

ഏറെപ്പകയും വിദ്വേഷവുമായ്
നമ്മെയൊതുക്കും ഭീകരനായ്!

കാടത്തത്തിൻ ഉറവായി – അതു
നന്മ മരിച്ചൊരു കാടായി

പേരിന്നർഥം ഗംഭീരം – ഹാ!
പേരിനുപോലും നേരില്ല.

നമ്മൾ കനിഞ്ഞാൽ മാത്രം – പണ്ടേ
നാവു നനയ്ക്കും നാടാണ്

കരിക്കു വാങ്ങിക്കുടിച്ചു നമ്മെ
തൊണ്ടിന്നെറിഞ്ഞ നാടാണ്!

മതമെന്താണന്നറിഞ്ഞു നമ്മിൽ
മരണം വിതച്ച കുടിയാണ്!

ഉടുമുണ്ടുരിഞ്ഞു പുരുഷനെയറിഞ്ഞു
വെടിയാൽ വീഴ്ത്തിയ വിടനാണ്.

അതിർത്തിയിൽ വന്നെന്നും നമ്മെ
കല്ലാലെറിയും പടയാണ്.

അയലു നശിക്കാൻ അതിരുകൾ മാന്തും
ചതിയന്മാരുടെ ഗുഹയാണ്!

വിശുദ്ധനാടെന്നർഥം പേറും
വിശുദ്ധികെട്ടൊരു നിലമാണ്.

മിനിക്കഥ
ശ്രീമിഥില



## ഒറ്റമരത്തണൽ

ഒറ്റമരത്തിൽ പൂവ് സുരക്ഷിതയെന്ന് അഹങ്കരിച്ചു. എന്നാൽ, കാറ്റ് അവളെ കൊന്നുകളഞ്ഞു.

മഴ കുളിപ്പിച്ച്, മഞ്ഞ് വെള്ളപുതപ്പിച്ചു. വണ്ടിനു കരച്ചിൽവന്നു. ഇന്നലെ തേൻ നുകർന്നതാണ്. എന്തു മധുരമായിരുന്നു!

മരം തലതാഴ്ത്തി. “ഞാനെന്ന ഒറ്റമരം തണലാകുമെന്ന് അവൾ കരുതിയിരുന്നു. എന്തുചെയ്യാം! ഇപ്പോൾ ജഡത്തിനു കാവലാണു ഞാൻ.”

മരം തേങ്ങി. “താമസിയാതെ അവൾ മണ്ണിലലിയും.”

വണ്ട് വെറുതെ മൂളി.

ഒറ്റമരത്തിൽ വേറെയും പൂക്കൾ മധു നിറച്ചിരുന്നു. കാറ്റ് കൊല്ലുംമുമ്പ് അവയുടെ തേൻ നുകരാനുള്ള തിടുക്കത്തിലായിരുന്നു വണ്ട്.

തണൽമരം നിസ്സഹായനായി.



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും

4

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

**മാ**ലാഖമാരുടെ മുറിയിൽ നിന്ന് പിങ്ക്ളാങ്കി പുറത്തുവന്നത്, ഭാഗ്യത്തിന് അമ്മ കണ്ടില്ല. അമ്മ അടുക്കളയിലേക്കു കാപ്പിയുണ്ടാക്കാൻ പോയി.

"മോനേ, നിനക്കു കുടിക്കാൻ എന്തെങ്കിലും വേണോ? അമ്മ കാപ്പിയുണ്ടാക്കാൻ പാലു തിളപ്പിക്കുകയാണ്."

"തിന്നാൻ എന്തെങ്കിലും ഉണ്ടോ?"

"ഇലയട ഉണ്ടാക്കണം എന്നോർത്തു, ഇന്നിനി മടിയാണ്, ആ സ്റ്റോർമുറിയിലെ പാട്ടയിൽ അച്ചപ്പം ഉണ്ട്. അതും തീരാറായി."

പിങ്ക്ളാങ്കിക്ക് എന്തോ അച്ചപ്പം കഴിക്കാൻ തോന്നിയില്ല. വിശപ്പും ദാഹവുമൊക്കെ അവനെ വിട്ടുപോയി.

"അമ്മേ, ഈ മാലാഖമാരൊക്കെ എന്താ കഴിക്കുന്നത്?"

"എന്തിനാ, മുറിയിലിരിക്കുന്ന രൂപങ്ങൾക്കു കഴിക്കാൻ കൊടുക്കാനാണോ?"

അമ്മയുടെ ആ പരിഹാസം അത്ര ഇഷ്ടപ്പെട്ടില്ല അവന്.

"അമ്മ പറ, മാലാഖമാരെന്താ കഴിക്കുന്നത്?"

"മന്നാ."

"മന്നായോ, അതെന്താ?"

"അതൊരു അദ്ഭുതഭക്ഷണമാണ്. സ്വർഗത്തിൽനിന്നുള്ള അപ്പം."

"അതെങ്ങനെ കിട്ടും?"

"അതെനിക്ക് അറിയില്ല."

"അമ്മയ്ക്ക് അതുണ്ടാക്കാൻ അറിയുമോ?"

"പിന്നെ, എനിക്കു സ്വർഗത്തിലെ അടുക്കളയിലല്ലായിരുന്നോ ജോലി. എന്റെ പിങ്ക്ളാങ്കീ, എന്നെ ഭ്രാന്തു പിടിപ്പിക്കല്ലേ, ആ അച്ചപ്പം എടുത്ത്, മന്നായാണെന്നോർത്തു കഴിച്ചോ, ചെറുക്കന്റെ ഓരോ കിന്നാരങ്ങൾ!"

ആരോടു ചോദിച്ചാൽ മന്നാ ഉണ്ടാക്കുന്ന വിവരം കിട്ടും, ഗൂഗിളിൽ നോക്കിയാൽ കിട്ടുമോ? അതോ യൂട്യൂബ് നോക്കണോ?

എന്താണെങ്കിലും എങ്ങനെയെങ്കിലും അത് കണ്ടുപിടിക്കണം, അല്ലെങ്കിൽ തന്റെ മാലാഖമാർ പട്ടിണിയായിപ്പോകും.

"അമ്മ വരുന്നതിനുമുമ്പേ അവരോടുതന്നെ ചോദിക്കാമായിരുന്നു. ഇന്നിനി ഉടനെയൊന്നും മുറിയിൽ കയറാൻ പറ്റില്ല. ചേച്ചി ഉണ്ടായിരുന്നെങ്കിൽ സഹായിച്ചേനേ. ഈ അമ്മ ചില സമയം ഇങ്ങനെയാണ്, ഒരു ഉപകാരവുമില്ല.

"അമ്മേ," അവൻ പിന്നെയും വിളിച്ചു.

"എന്താടാ?"

"അമ്മയുടെ ഫോൺ ഒന്ന് തരുമോ?"

"എന്തിനാ?"

"ചേച്ചിയെ ഒന്ന് വിളിക്കാനാണ്."

"ഈസ്റ്ററിനു വന്നിട്ട് ഒരാഴ്ച മുമ്പല്ലേ അവൾ തിരികെപ്പോയത്, ഒരുപാട് പഠിക്കാനുണ്ട് അവൾക്ക്. എന്തിനാ വെറുതെ വിളിച്ചു ശല്യം ചെയ്യുന്നത്."

"ഇന്നലെ നീ വിളിച്ചില്ലേ? ഇനി നാളെ വിളിക്കാം കേട്ടോ."

ഐവാൻ അതിന് ഉത്തരം പറയാതെ മുറ്റത്തേക്കിറങ്ങി, പേരമരത്തിന്റെ ചുവട്ടിലെത്തി. അതിൽ പേരയ്ക്ക വല്ലതും പഴുക്കാറായതുണ്ടോ എന്നു നോക്കാൻ."

വവ്വാൽ കൊത്തിയ ഒരെണ്ണം താഴെ വീണുകിടപ്പുണ്ട്. വേറേ ഒന്നുമില്ല.

സ്കൂൾ തുറന്നിരുന്നെങ്കിൽ വിശാലിനോട് ഇതൊക്കെയൊന്നു പറയാമായിരുന്നു. അതിനിനി ഒരു മാസംകൂടിയുണ്ട്.

വിഷാദമനസ്സോടെ അവൻ തിണ്ണയിലെ അരഭിത്തിയിലിരുന്നു.

"എന്താ ഒരു ആലോചന?" അമ്മ ചോദിച്ചു.

"അമ്മയ്ക്ക് എന്നോട് ഒരു ഇഷ്ടോമില്ല."

ആശാമ്മ ഒരു നിമിഷം അവനെത്തന്നെ നോക്കിയിട്ടു ചോദിച്ചു:


"അതെന്താടാ, അങ്ങനെ ഒരു കമന്റ്?"

"ഇന്നു ഞാൻ ചോദിച്ചതിനൊന്നും ശരിക്കുള്ള ഉത്തരം തന്നില്ല, എന്നെ ചേർത്തുപിടിച്ചില്ല, പിന്നെ ഉമ്മയും തന്നില്ല."

"അതാണോ?" അമ്മ ചെടിക്കു വെള്ളമൊഴിക്കുന്ന പൈപ്പ് താഴെയിട്ടിട്ട് അവനെ കെട്ടിപ്പിടിച്ചു, പിന്നെ നെറ്റിയിലും മൂർദ്ധാവിലും ചുംബിച്ചു.

"ചെറുക്കന്റെ ഒരു കെറുവ്."

"അമ്മേ, മന്നാ ഉണ്ടാക്കുന്നത് എങ്ങനെയാണെന്നു പറ."



"അതാണോ കാര്യം, ഇപ്പോൾ പിടികിട്ടി."

"എന്റെ പിങ്ക്ളാങ്കീ, അമ്മയ്ക്കു മന്ന ഉണ്ടാക്കാൻ അറിയില്ല. ബൈബിളിലും മറ്റും വായിച്ചിട്ടുണ്ട്. പക്ഷേ, അത് ഉണ്ടാക്കുന്നതൊന്നും എങ്ങും എഴുതിയിട്ടില്ല. ഞാൻ എന്റെ കസിൻ കന്യാസ്ത്രിച്ചേച്ചിയോട് ഒന്നു ചോദിക്കട്ടെ, അവർക്കറിയുമോന്ന്, ഇനി മഠങ്ങളിൽ എങ്ങാനും അത് എപ്പോഴെങ്കിലും ഉണ്ടാക്കീട്ടുണ്ടോന്ന്."

അതു കേട്ടപ്പോൾ ഐവാനു സമാധാനമായി.

അവൻ അമ്മയെ സഹായിക്കാൻ, ചെറിയ ബക്കറ്റിൽ വെള്ളമെടുത്തു ചട്ടിയിലെ ചെടികൾക്ക് ഒഴിക്കാൻ തുടങ്ങി.

"ഈ മാലാഖമാർ എത്ര ദിവസം നമ്മുടെ വീട്ടിലുണ്ടാകും?"

"ഏത്, മുകളിൽ കൊണ്ടുവച്ചിരിക്കുന്ന രൂപങ്ങളോ?" "അറിയില്ല, മേയ് മാസം പള്ളി വെഞ്ചരിക്കുമെന്നാണു പറഞ്ഞത്, അതിനു മുമ്പേ കൊണ്ടുപോകും."

"അമ്മ മന്നയുടെ കാര്യം മറക്കരുത്."

"ശ്ശോ ഈ കൊച്ചിന്റെ കാര്യം, മറക്കില്ല."

രാത്രിയിൽ കട പൂട്ടിയിട്ടു പപ്പ വരാൻ ഐവാൻ കാത്തിരുന്നു. അതു പതിവാണ്, പപ്പ എല്ലാ ദിവസവും അവനൊരു ചോക്ലേറ്റ് കൊണ്ടുവരും, രാത്രിയിൽ കഞ്ഞികുടി കഴിഞ്ഞ് അവനതു കഴിക്കും. ചില ദിവസം ഉറങ്ങിപ്പോയാലും പപ്പ അവന്റെ കട്ടിലിന്റെ അടുത്തുള്ള ചെറിയ മേശയിൽ അതു വച്ചിരിക്കും. ഉറങ്ങുന്ന പിങ്ക്ളാങ്കിയുടെ നെറ്റിയിൽ ഒരുമ്മയും കൊടുക്കും.

ഇന്നവന് ഉറങ്ങാൻ കഴിഞ്ഞില്ല, നമ്മുടെ വീട്ടിൽ മാലാഖമാർ വന്ന കാര്യം പറയണം. ചോക്ലേറ്റ് വീതിച്ചു മാലാഖമാർക്കും കൊടുക്കാം.

ഇനിയും തുറക്കാനുള്ള പൊതിയിൽ ശ്വാസംമുട്ടിയിരിക്കുന്ന മാലാഖമാരുടെ കാര്യമോർത്തപ്പോൾ ഒരു പേടിയും വന്നു.

മറ്റു മൂന്നുപേർ സഹായിക്കുമായിരിക്കും. മിഖായേൽ മാലാഖയ്ക്കു നല്ല പൊക്കമുണ്ട്, ഒരു ഏഴടി കാണുമായിരിക്കും, അദ്ദേഹം എന്താണെങ്കിലും സഹായിക്കും. കുറച്ചു വെള്ളം അവിടെ വയ്ക്കേണ്ടതായിരുന്നു, അവർക്കു ദാഹിക്കുമോ എന്തോ?

പപ്പ വന്നതും അവനാ ചോക്ലേറ്റ് വാങ്ങി, അമ്മയുടെ കണ്ണിൽപ്പെടാതെ രണ്ടു കുപ്പി വെള്ളം അടുക്കളയിൽനിന്ന് എടുത്ത് പതുക്കെ മുകളിലേക്കു കയറിപ്പോയി.

ശബ്ദമുണ്ടാക്കാതെ വാതിൽ തുറന്നു, പപ്പ കൊടുത്ത ചോക്ലേറ്റ്, വെള്ളക്കുപ്പി ഇതുരണ്ടും മുറിയിൽ വച്ചു. ലൈറ്റ് ഓണാക്കാതെ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു: "മാലാഖമാരേ, ഇന്ന്, ഇതുകൊണ്ട് അഡ്ജസ്റ്റ് ചെയ്യാമോ? നാളെ മന്നാ ഉണ്ടാക്കിത്തരാം."

ഇരുട്ടിൽ അവരുടെ മിന്നുന്ന ഉടുപ്പുകളും, തലയ്ക്കുമുകളിലെ പ്രകാശവലയവും മാത്രമേ അവനു കാണാൻ സാധിച്ചുള്ളൂ.

രാത്രിയിൽ അവന് തീരെ ഉറക്കം വന്നില്ല. എന്നാലും ഇരുട്ടിൽ മുകളിലെ മുറിയിൽ പോകാൻ പേടി തോന്നി. അവരോടു സംസാരിച്ചു കൊതിതീർന്നില്ല, എന്തെല്ലാം കാര്യങ്ങൾ ചോദിച്ചറിയാനുണ്ട്.

എപ്പോഴോ അവൻ ഉറങ്ങിപ്പോയി. സ്വപ്നങ്ങളിൽ തന്നെ ചേർത്തുപിടിച്ച മിഖായേൽ മാലാഖ അവനോട് എന്തൊക്കെയോ സംസാരിച്ചു.

രാവിലെ പപ്പ കടയിൽ പോകുന്നതിനുമുമ്പേ വന്നു വിളിച്ചപ്പോഴാണ് അവൻ എഴുന്നേറ്റത്.

(തുടരും)

ശ്രേഷ്ഠമലയാളം

# ഏകദാ; ഏകധാ



ഡോ. ഡേവിസ് സേവ്യർ

"**അ**നർഥമെല്ലാവർക്കുമുണ്ടാമേകദാ ബുദ്ധിയുമപ്പോൾ മോഹിതാ* (എല്ലാവർക്കും ഒരിക്കൽ അനർഥം വന്നുകൂടും. അപ്പോൾ ബുദ്ധി മന്ദീഭവിക്കും.) ഇവിടെ പരാമൃഷ്ടമായ ഏകദാ എന്ന ശബ്ദത്തിന് ഒരിക്കൽ എന്നോ ഒരുസമയം എന്നോ അർഥം പറയണം. ഏകദാ ഉച്ചാരണത്തിലും എഴുത്തിലും 'ഏകതാ' എന്നും 'ഏകധാ' എന്നും മാറിമറിയാം. എന്നാൽ, അവ രണ്ടും ഏകദാ എന്ന പദത്തിനു തുല്യമാകുന്നില്ല.


ഏകതയ്ക്ക് ഏകത്വം, ഐക്യം, ഒരുമിപ്പ്, ഒരുമ എന്നെല്ലാമാണ് വിവക്ഷിതങ്ങൾ. ഏകതഃ എന്നതിനാകട്ടെ ഒരു വശത്തുനിന്ന് (ഒരു വശത്ത്) എന്നാണർഥം. ഏകതഃയുടെ വിപരീതം അപരതഃ എന്നുവരും. "പോകുമെങ്ങൾ പുനരേകതോ, മനസി/ മോഹിച്ചിങ്ങു വന്നു ബഹുലാഭം.** പുനഃ എങ്ങൾ പോകും (വീണ്ടും ഞങ്ങൾ പുറപ്പെടും) ഏകതഃമനസി ബഹുലാഭം മോഹിച്ചിങ്ങു വന്നു (ഒരിടത്തുനിന്ന് മനസ്സിൽ ഏറെ ലാഭം ആഗ്രഹിച്ചാണ് ഇവിടെ വന്നത്) എന്നിങ്ങനെ ഏകതഃ ഉണ്ണായി വാര്യർ പ്രയോഗിച്ചിട്ടുണ്ടല്ലോ.

ഏകത, ഏകദാ എന്നിവയ്ക്കും പകരം ഏകധാ പ്രയോഗിച്ചുകൂടാ. ഏകധാ, ഏകപ്രകാരേണയാണ്. അതായത്, ഒരേ പ്രകാരത്തിൽ അഥവാ ഒരു തരത്തിൽ എന്നു പൊരുൾ. "ക്രിയാപ്രകാരമർത്ഥത്തിൽ/ ധാ സംഖ്യാവാചകങ്ങളിൽ"*** എന്നു മണിദീപികാകാരൻ വ്യക്തമാക്കിയിട്ടുണ്ട്. ഏകധാ= ഏകപ്രകാരേണ, ദ്വിധാ=ദ്വാഭ്യം പ്രകാരാദ്യം, ശതധാ=ശതേന പ്രകാരൈഃ എന്നിങ്ങനെ പദവും പൊരുളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ ഏകത, ഏകദാ, ഏകധാ ഇവ വെവ്വേറെ രൂപവും അർഥവും നൽകുന്ന പദങ്ങളാണ്. ഉച്ചരണത്തിൽ വ്യത്യാസം തെളിഞ്ഞില്ല എന്നു വരാം. പക്ഷേ, എഴുത്തിൽ അങ്ങനെയല്ലല്ലോ. (ബുദ്ധി സംസ്കൃതത്തിൽ സ്ത്രീലിംഗമായതുകൊണ്ട് മോഹിതാ എന്നതും സ്ത്രീലിംഗത്തിൽ പ്രയോഗിച്ചു.)

* ഉണ്ണായിവാര്യർ, നളചരിതം ആട്ടക്കഥ, കൈരളീവ്യാഖ്യാനം, പ്രൊഫ. പന്മന രാമചന്ദ്രൻനായർ, കറന്റ് ബുക്സ്, കോട്ടയം, 2001, പുറം - 463

** ഉണ്ണായിവാര്യർ, നളചരിതം ആട്ടക്കഥ, കൈരളീ വ്യാഖ്യാനം, പ്രൊഫ. പന്മന രാമചന്ദ്രൻനായർ, കറന്റ് ബുക്സ്, കോട്ടയം, 2001, പുറം - 457


*** രാജരാജവർമ്മ, ഏ.ആർ. മണിദീപിക, കേരളസാഹിത്യ അക്കാദമി, തൃശൂർ, 1987, പുറം - 261, 262.




**ജൂൺ 1**
**ഉയിർപ്പുകാലം**
**ഏഴാം ഞായർ**

**ഏശ 6:1–13**
**ശ്ലീഹ 1:15–26**
**ഫിലി 2:1–11**
**മർക്കോ 16:14–20**

# ഈശോയ്ക്കു സാക്ഷികളാകാൻ






**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**


**ഉ**യിർപ്പുകാലത്തിലെ അവസാന ഞായറാഴ്ചയിൽ ആരാധനാസമൂഹം എത്തിയിരിക്കുകയാണ്. ഉത്ഥിതനായ മിശിഹായുടെ സ്വർഗാരോഹണത്തിനുശേഷം ശിഷ്യന്മാർക്ക് അവിടുന്നു വാഗ്ദാനം ചെയ്തിരുന്ന പരിശുദ്ധാരൂപിയെ സ്വീകരിക്കുന്നതിനു വേണ്ടി പ്രാർഥിച്ചുകാത്തിരുന്ന (ശ്ലീഹ. 16:14) ദിവസങ്ങളെ അനുസ്മരിക്കുന്ന സമയമാണിത്. സ്വർഗാരോഹണത്തിനു മുമ്പ് ഉത്ഥിതനായ ഈശോ ശ്ലീഹന്മാർക്കു പ്രേഷിതദൗത്യം നല്കുന്ന വചനഭാഗമാണ് സുവിശേഷത്തിൽനിന്നു ശ്രവിക്കുന്നത്. മിശിഹായിൽനിന്നു ദൗത്യം സ്വീകരിച്ച ശിഷ്യന്മാർ ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതിന് ജറുസലേമിൽത്തന്നെ വസിക്കുകയും (ലൂക്കാ 24:48) ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവാലയത്തിൽ സദാ കഴിയുകയും ചെയ്തിരുന്നു എന്ന് തിരുവചനം പറയുന്നു (ലൂക്കാ 24:53). മിശിഹായുടെ ശിഷ്യന്മാരുടെ ദൗത്യവും മനോഭാവവും എന്താണെന്നു പരിചിന്തനം ചെയ്യുന്നതിനു സഹായിക്കുന്നതും ദൈവവചനത്തിന്റെ പ്രഘോഷകരാകാനുമുള്ള ആഹ്വാനം നല്കുന്നതുമായ ദൈവവചനഭാഗങ്ങളാണ് ഉയിർപ്പുകാലം ഏഴാം ആഴ്ചയിലെ വിശുദ്ധഗ്രന്ഥ പ്രഘോഷണങ്ങളെല്ലാം.

ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള ഒന്നാമത്തെ പ്രഘോഷണത്തിൽ പ്രവാചകനെ ദൈവം വിളിച്ച് വിശുദ്ധീകരിച്ച് പ്രവാചകദൗത്യം ഏല്പിക്കുന്നതിനെക്കുറിച്ചാണു ശ്രവിക്കുന്നത്. പ്രവാചകനു സ്വർഗദർശനം ഉണ്ടാകുന്നതും ദൈവവചനമാകുന്ന തീക്കനൽകൊണ്ട് പ്രവാചകന്റെ അധരങ്ങളിൽ സ്പർശിക്കുന്നതും അവനെ വിശുദ്ധീകരിച്ച് പാപങ്ങൾ ക്ഷമിച്ച് ദൗത്യം നല്കി അയയ്ക്കുന്നതും നാം വായിക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി സ്വീകരിച്ച് തന്റെ ദൗത്യത്തിനായി പുറപ്പെടുന്ന പ്രവാചകനെയാണ് ഇവിടെ കാണുന്നത്. പ്രവാചകന്റെ വാക്കുകളോടു ശ്രോതാക്കൾ കഠിനഹൃദയത്തോടെ പെരുമാറുമെന്നും അവഗണിക്കപ്പെടുമെന്ന സൂചന നല്കുന്നുണ്ട് (ഏശ. 6:9–10). എന്നാൽ, പ്രവാചകദൗത്യം ഫലം കാണുമെന്നും വിജയിക്കുമെന്നും പ്രഖ്യാപിക്കുന്നു (ഏശ. 6:13). ഏശയ്യായെപ്പോലെ മിശിഹായുടെ ശിഷ്യരും വിളിക്കപ്പെട്ടവരും പ്രത്യേകദൗത്യം ഏല്പിക്കപ്പെട്ടവരുമാണ്. കുറവുകളുള്ളവരും ബലഹീനരുമായവരെ ഈശോ വിളിച്ച് ശക്തിപ്പെടുത്തി വിശുദ്ധീകരിച്ചു പ്രേഷിതവേലയ്ക്കയയ്ക്കുന്നു. പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടിവരുമെങ്കിലും കർത്താവിന്റെ ശക്തിയാൽ അവയെല്ലാം അതിജീവിച്ച് മിശിഹായ്ക്കു സാക്ഷ്യം നല്കാൻ സാധിക്കും. ക്രിസ്തുശിഷ്യർ തങ്ങളുടെ കുറവുകളും ബലഹീനതകളും തിരിച്ചറിയുകയും കർത്താവിന്റെ കൃപയിലും കാരുണ്യത്തിലും ശരണപ്പെട്ട് പ്രേഷിതദൗത്യത്തിൽ ഏർപ്പെടുകയും വേണം.

മിശിഹായുടെ ഉത്ഥാനത്തിനു സാക്ഷിയാകാനും അതു പ്രഘോഷിക്കാനുമായി ശ്ലീഹന്മാരുടെ ഗണത്തിലേക്ക് മത്തിയാസിനെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ചാണ് ശ്ലീഹന്മാരുടെ നടപടിയിൽനിന്നുള്ള രണ്ടാമത്തെ പ്രഘോഷണം. തിരഞ്ഞെടുപ്പിന്റെ പ്രധാന ലക്ഷ്യം ഉത്ഥിതനായ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുക എന്നതായിരുന്നു. സങ്കീർത്തനത്തിൽനിന്ന് ഉദ്ധരിച്ചുകൊണ്ട് യൂദാസ് സ്ഥാനം ഉപേക്ഷിച്ചതിനെയും പുതിയ ആളെ അവിടേക്ക് നിയോഗിക്കുന്നതിനെയും (109:8) തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ പത്രോസ് ശ്ലീഹാ വ്യാഖ്യാനിക്കുന്നുണ്ട് (ശ്ലീഹ നട 1:20). തിരഞ്ഞെടുപ്പിനു മാനുഷികമായ ഒരുക്കം നടത്തി ദൈവഹിതം ആരായുന്നതിന് പ്രാർഥിച്ച് അവിടുത്തെ ഹിതമനുസരിച്ചാണ് മത്തിയാസിനെ ശുശ്രൂഷയിലേക്കു നിയോഗിക്കുന്നത്.

പ്രേഷിതദൗത്യത്തിന്റെ ലക്ഷ്യം ഈശോ കർത്താവാണ് എന്ന് എല്ലാ നാവുകളും ഏറ്റു പറയണം എന്ന കാര്യമാണെന്നാണ് പൗലോസ് ശ്ലീഹ ഫിലിപ്പിയിലെ സഭയ്ക്കെഴുതിയ ലേഖനത്തിലൂടെ പ്രബോധിപ്പിക്കുന്നത്. അതിന് മിശിഹായുടെ അനുയായികൾ

**എല്ലാ സാഹചര്യങ്ങളിലും സകല സൃഷ്ടികൾക്കും സുവിശേഷം നല്കുക എന്നതാണ് ശിഷ്യരുടെ ദൗത്യം. മിശിഹായെക്കണ്ടവരെ ശിഷ്യന്മാർ വിശ്വസിക്കാതിരുന്നതുപോലെ, അവർ സുവിശേഷം പ്രസംഗിക്കുമ്പോഴും എല്ലാവരും മിശിഹായിൽ വിശ്വസിക്കണമെന്നില്ല. എങ്കിലും സകല സൃഷ്ടികളോടും എല്ലായിടങ്ങളിലും സുവിശേഷം പ്രഘോഷിക്കാനുള്ള ദൗത്യം അവർക്കു നല്കുന്നു. അവർ പ്രഘോഷിക്കുന്നതും കർത്താവിന്റെ കൃപയിൽ ശരണപ്പെട്ടായിരിക്കണം.**

എല്ലാവരും അവിടുത്തെ മനോഭാവം സ്വീകരിക്കണം. ദൈവവുമായുള്ള സമാനത മുറുകെപ്പിടിക്കേണ്ട കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ച മിശിഹായുടെ മനോഭാവമാണത്. സ്വന്തം താത്പര്യംമാത്രം നോക്കാതെ മറ്റുള്ളവരുടെ താത്പര്യം പരിഗണിക്കുന്നതും അപരനെ തങ്ങളെക്കാൾ ശ്രേഷ്ഠമെന്നു കരുതുന്നതുമായ മനോഭാവം സ്വീകരിച്ച് ആത്മാവിന്റെ ഐക്യത്തിലും സ്നേഹത്തിലും വർത്തിച്ച് സന്തോഷത്തിൽ ആയിരിക്കുക എന്നതായിരിക്കണം മിശിഹായുടെ അനുയായിയുടെ ജീവിതശൈലി എന്ന് ശ്ലീഹാ ഓർമിപ്പിക്കുന്നു.

ഈശോ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ ഉയിർത്തെഴുന്നേറ്റ തന്നെക്കണ്ടവരെ വിശ്വസിക്കാത്തതിനെക്കുറിച്ചും അവരുടെ വിശ്വാസരാഹിത്യത്തെക്കുറിച്ചും അവരെ ശാസിക്കുന്നുണ്ട്. എങ്കിലും, ഈശോ അവർക്കു പ്രേഷിതദൗത്യം ഏല്പിച്ചുകൊടുക്കുകയാണ്. ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കാനാണ് ഈശോ ശിഷ്യരോട് ആവശ്യപ്പെടുന്നത്. എല്ലാ സാഹചര്യങ്ങളിലും സകല സൃഷ്ടികൾക്കും സുവിശേഷം നല്കുക എന്നതാണ് ശിഷ്യരുടെ ദൗത്യം. മിശിഹായെക്കണ്ടവരെ ശിഷ്യന്മാർ വിശ്വസിക്കാതിരുന്നതുപോലെ, അവർ സുവിശേഷം പ്രസംഗിക്കുമ്പോഴും എല്ലാവരും മിശിഹായിൽ വിശ്വസിക്കണമെന്നില്ല. എങ്കിലും സകല സൃഷ്ടികളോടും എല്ലായിടങ്ങളിലും സുവിശേഷം പ്രഘോഷിക്കാനുള്ള ദൗത്യം അവർക്കു നല്കുന്നു. അവർ പ്രഘോഷിക്കുന്നതും കർത്താവിന്റെ കൃപയിൽ ശരണപ്പെട്ടായിരിക്കണം. അവരുടെ വചനം ശ്രവിച്ചു വിശ്വസിക്കുന്നവരുടെ കൂടെ മിശിഹാ ഉണ്ടായിരിക്കും. അടയാളങ്ങളിലൂടെ അവരുടെ സാക്ഷ്യത്തെ അവിടുന്ന് സ്ഥിരീകരിച്ചിരുന്നു. അവർ പിശാചുകളെ ബഹിഷ്കരിക്കുകയും, പുതിയ ഭാഷകൾ സംസാരിക്കുകയും, സർപ്പങ്ങളെ കൈയിലെടുക്കുകയും ചെയ്യും. മാരകമായതെന്തു കുടിച്ചാലും അത് അവർക്കു ഹാനിവരുത്തുകയില്ല, രോഗികളുടെമേൽ കൈവയ്ക്കുകയും അവർ സുഖം പ്രാപിക്കുകയും ചെയ്യും എന്നിവയായിരുന്നു അവരോടുകൂടെ ഉണ്ടായിരുന്ന അടയാളം. മിശിഹായിൽ വിശ്വസിക്കുന്നവർ അവിടുത്തെ ശക്തിയാൽ പിശാചിനെയും അന്ധകാര ശക്തികളെയും പരാജയപ്പെടുത്തുകയും രോഗികളുടെമേൽ കൈവച്ചു സുഖപ്പെടുത്തുകയും ചെയ്തിരുന്നു. പാമ്പുകളെ കൈയിലെടുക്കുക. മാരകമായ വിഷം കുടിക്കുക, എന്നത് പ്രതീകാത്മകമായാണ് സഭാപിതാക്കന്മാർ വ്യാഖ്യാനിച്ചിരിക്കുന്നത്. തെറ്റായ പ്രബോധനങ്ങളെയും വ്യാജപ്രവാചകരെയുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. മിശിഹായിൽ ആഴമായി വിശ്വസിക്കുകയും മാമ്മോദീസായാൽ ആ വിശ്വാസം സ്ഥിരീകരിക്കുകയും പ്രഘോഷിക്കുകയും ചെയ്തിരുന്നവർ തെറ്റായ പ്രബോധനങ്ങളിൽ വീഴുകയോ പൈശാചികപ്രവർത്തനങ്ങൾക്ക് അടിമപ്പെടുകയോ ചെയ്തിരുന്നില്ല. ഇക്കാര്യമാണ് സുവിശേഷകൻ പ്രഖ്യാപിക്കുന്നത്.

ആരാധനാസമൂഹം പന്തക്കുസ്താത്തിരുനാളിനൊരുങ്ങുന്ന ഈ അവസരത്തിൽ ദൈവാരൂപിയുടെ കൃപയിൽ ശരണപ്പെടുന്നതിനും വിശ്വാസബോധ്യങ്ങളിൽ ആഴപ്പെടുന്നതിനും എളിമയുടെയും പരിത്യജിക്കലിന്റെയും സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും ജീവിതശൈലിയിലൂടെ മിശിഹായുടെ മനോഭാവം സ്വീകരിച്ച് അനുദിനജീവിതത്തിലൂടെ അവിടുത്തേക്കു സാക്ഷ്യം നല്കുന്നതിനുമുള്ള ക്ഷണമാണ് ഇന്ന് തിരുവചനം നല്കുന്നത്. ■


**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**മൈക്കിൾ റോബിൻ**
**ഹെലൻ അന്ന**
**റോബിൻ**

യാത്ര

# ഫാത്തിമാ മാതാവിന്റെ തിരുസന്നിധിയിൽ



തോമസ് കുഴിഞ്ഞാലിൽ

സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ഹോമിൽ നിന്നു പോർച്ചുഗലിലെ പോർട്ടോയിൽ വിമാനമിറങ്ങുമ്പോൾനേരം നന്നേ വൈകിയിരുന്നു. സമയം രാത്രി 10 മണി കഴിഞ്ഞിരുന്നെങ്കിലും ചക്രവാളത്തിൽ സൂര്യൻ അസ്തമിച്ചിരുന്നില്ല.

പോർച്ചുഗലിലെ പുരാതനനഗരികളിലൊന്നായ പോർട്ടോയിൽനിന്ന് 200 കിലോമീറ്റർ അകലെയുള്ള ഫാത്തിമയിലേക്കു ബസിലായിരുന്നു യാത്ര. ലോകപ്രശസ്ത മരിയൻതീർഥാടനകേന്ദ്രമായ ഫാത്തിമയിൽ സന്ദർശനം നടത്തണമെന്നും അവിടെയെത്തി അമലോദ്ഭവകന്യകയായ പരിശുദ്ധമറിയത്തോടു പ്രാർഥിക്കണമെന്നുമുള്ള ഏറെനാളത്തെ ആഗ്രഹമാണ് സഫലമാകാൻ പോകുന്നത്.

108 വർഷംമുമ്പ് ഫാത്തിമയിൽ പ്രത്യക്ഷപ്പെട്ട അമലോദ്ഭവമാതാവിന്റെ തിരുനാൾദിവസമായ മേയ് 13-ാം തീയതി അവിടെ എത്താൻ കഴിയാത്തതിന്റെ ദുഃഖം മനസ്സിലുണ്ടായിരുന്നു.

1917 മേയ് 13-ാം തീയതിയായിരുന്നു അമ്മയുടെ ഫാത്തിമയിലെ ആദ്യപ്രത്യക്ഷീകരണം. വീട്ടിൽനിന്ന് അധികം അകലെയല്ലാത്ത ഒരു ചെറിയ കുന്നിൻ ചെരുവിൽ ആടുകളെ മേയ്ച്ചുകൊണ്ടിരുന്ന ഒരു സാധാരണ കർഷകകുടുംബത്തിലെ പത്തു വയസ്സുകാരി ലൂസിയയ്ക്കും അവളുടെ പിതൃസഹോദരപുത്രൻ ഒമ്പതു വയസ്സുകാരനായ ഫ്രാൻസിസ്കോയ്ക്കും അവന്റെ സഹോദരി ഏഴു വയസ്സുള്ള ജസീന്തയ്ക്കുമാണ് അമലോദ്ഭവകന്യക പ്രത്യക്ഷപ്പെട്ടത്. ആടുകളെ മേയ്ക്കുന്നതിനിടെ കല്ലു പെറുക്കി കളിച്ചുകൊണ്ടിരുന്നപ്പോൾ അഭൗമികമായ ഒരു പ്രകാശം കണ്ട് ഇടിമിന്നലാണെന്നു കരുതി ഭയപ്പെട്ട് ധൃതിയിൽ വീട്ടിലേക്കു മടങ്ങവേ താഴ്‌വരയിലെ ഒരു കുറ്റിച്ചെടിയുടെ മുകളിൽ സൂര്യനെക്കാൾ പ്രഭയോടെ വെള്ളവസ്ത്രമണിഞ്ഞ ഒരു സ്ത്രീ നില്ക്കുന്നതു കണ്ട് കുട്ടികൾ സ്തബ്ധരായി നിന്നുപോയി. കൈകളിൽ കരുതിയിരുന്ന വെളുത്ത ജപമാല കുട്ടികളെ കാണിച്ചുകൊണ്ട് ആ സ്ത്രീ ഇപ്രകാരം പറഞ്ഞു: "പാപികളുടെ മാനസാന്തരത്തിനുവേണ്ടി എല്ലാ ദിവസവും നിങ്ങൾ ഇതു ചൊല്ലണം. എന്റെ പുത്രനായ യേശുവിന്റെ ജനനവും ജീവിതവും പീഡാസഹനവും ഉയിർപ്പുമടങ്ങുന്ന 15 രഹസ്യങ്ങൾ ധ്യാനിക്കാനുള്ള ജപമാലയാണിത്." ഓരോ രഹസ്യത്തിന്റെയും അവസാനം ചൊല്ലേണ്ട ഒരു പ്രത്യേക പ്രാർഥനയും ആ സ്ത്രീ അവർക്കു പറഞ്ഞുകൊടുത്തു. ആ പ്രാർഥന ഇപ്രകാരമായിരുന്നു: "ഓ, എന്റെ ഈശോയേ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ. നരകാഗ്നിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ, എല്ലാ ആത്മാക്കളെയും, വിശിഷ്യാ അങ്ങേ കാരുണ്യം ഏറ്റവും ആഗ്രഹിക്കുന്നവരെയും സ്വർഗത്തിലേക്കാനയിക്കണമേ."


തുടർന്നുള്ള അഞ്ചു മാസങ്ങളിലെ എല്ലാ 13-ാം തിയതിയും ഇതേ സ്ഥലത്തു താൻ വീണ്ടും പ്രത്യക്ഷപ്പെടുമെന്നും അവസാന പ്രത്യക്ഷീകരണത്തിൽ അതിശയകരമായ ഒരദ്ഭുതത്തിലൂടെ താൻ ആരാണെന്നു വെളിപ്പെടുത്തുമെന്നും അറിയിച്ചശേഷം അമ്മ അപ്രത്യക്ഷമാവുകയും ചെയ്തു.

അമലോദ്ഭവകന്യകയുടെ അവസാന പ്രത്യക്ഷീകരണം നടന്ന ഒക്ടോബർ 13-ാം തീയതി 70,000 ആളുകളാണ് ഫാത്തിമയിലെ ചെറിയ മലഞ്ചെരുവിൽ തടിച്ചുകൂടിയത്. മൂന്നു ദിവസം തുടർച്ചയായി പെയ്ത മഴയെയും ശക്തമായ കാറ്റിനെയും അവഗണിച്ചു കാത്തുനിന്ന ജനക്കൂട്ടത്തിനുമുമ്പിൽ പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "ഞാൻ ജപമാലരാജ്ഞിയാണ്. ഞാൻ നില്ക്കുന്ന ഈ സ്ഥലത്ത് എനിക്കായി ഒരു പ്രാർഥനാലയം പണിയണം". കാർമേഘങ്ങൾ വേർപെട്ട് നീലാകാശം തെളിഞ്ഞപ്പോൾ സൂര്യൻ ഒരു തീഗോളം പോലെ ഇളകിയാടുന്നതായി ജനത്തിനു തോന്നി. എല്ലാവിധ നിറങ്ങളും പ്രസരിപ്പിച്ചുകൊണ്ട് മിന്നിത്തിളങ്ങിയ സൂര്യൻ, നോക്കിനിന്നവരെയെല്ലാം പ്രഭാപൂരിതമാക്കി. സൂര്യൻ ഭൂമിയിലേക്കു വീണേക്കുമെന്നു പോലും ജനം ഭയപ്പെട്ടു. ഇതെല്ലാം മൂന്നു തവണ ആവർത്തിച്ചുവെങ്കിലും ആ 'സൂര്യാദ്ഭുതം' പത്തുമിനിറ്റുള്ളിൽ അവസാനിച്ചു. പരിഭ്രാന്തരായ ജനം ഉച്ചത്തിൽ കരയുകയും അലറിവിളിക്കുകയും ചെയ്തു. മഴയിൽ കുതിർന്ന തങ്ങളുടെ വസ്ത്രങ്ങളെല്ലാം നിമിഷനേരംകൊണ്ട് ഉണങ്ങിയതായി കാണുകയും ചെയ്തു.



ഫാത്തിമയിൽ പ്രത്യക്ഷപ്പെട്ട അമലോദ്ഭവമാതാവ്

1917 ജൂലൈ, സെപ്റ്റംബർ മാസങ്ങളിൽ കുട്ടികൾക്കു നൽകിയ ദർശനങ്ങളിലാണ് മൂന്നു രഹസ്യങ്ങൾ വെളിപ്പെടുത്തിയത്. അവയിലൊന്ന് നരകത്തിന്റെ നേർക്കാഴ്ചയായിരുന്നു. ഒരിക്കലും അണയാത്ത തീയിൽ കിടന്നു വേദനയനുഭവിക്കുന്ന പാപികളെ രക്ഷിക്കാനാണ് തന്റെ വിമലഹൃദയത്തോടുള്ള ഭക്തിയിൽ വളരാൻ ദൈവം ആഗ്രഹിക്കുന്നതെന്നാണ് പരിശുദ്ധ അമ്മ കുട്ടികളോടു പറഞ്ഞത്. അധികം വൈകാതെതന്നെ രണ്ടാം ലോകയുദ്ധം ഉണ്ടാകുമെന്നും, റഷ്യ ക്രിസ്തുവിശ്വാസം വിട്ട് കമ്യൂണിസത്തിലേക്കു നിപതിക്കുമെന്നും വെളിപ്പെടുത്തിയതാണ് രണ്ടാമത്തെ രഹസ്യം. ഭാവിയിൽ വിശ്വാസികൾ നേരിടാൻ പോകുന്ന പീഡനങ്ങളും, വെള്ളയുടുപ്പണിഞ്ഞ ഒരു മെത്രാന്റെ മരണവുമായിരുന്നു മൂന്നാമത്തെ രഹസ്യം. 1981 ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വെടിയേറ്റു വീണ സംഭവവുമായി ഈ രഹസ്യത്തെ ചരിത്രകാരന്മാർ ബന്ധപ്പെടുത്താറുമുണ്ട്. അക്കാലത്തു വ്യാപകമായി പടർന്നുപിടിച്ച ഫ്ളൂ ബാധിച്ച് 11-ാം വയസ്സിലും 10-ാം വയസ്സിലും മരണമടഞ്ഞ ഫ്രാൻസിസ്കോയെയും ജസീന്തയെയും വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ച 2000 മേയ് 13 നായിരുന്നു മൂന്നാമത്തെ രഹസ്യം പുറംലോകത്തെ അറിയിച്ചത്.



ഫാത്തിമയിൽ മാതാവിന്റെ പ്രത്യക്ഷീകരണം ദർശിച്ച കുട്ടികളായ ലൂസിയയും ജസീന്തയും ഫ്രാൻസിസ്കോയും.

## ഈശോയുടെ ലൂസിയ

മൂന്നു കുട്ടികളിൽ പ്രധാനിയായ ലൂസിയ 1921 ജൂൺ 17 ന് വിശുദ്ധ ഡൊറോത്തിയുടെ സന്ന്യാസസഭയിലും, 1948 മാർച്ച് 28-ാം തീയതി വിശുദ്ധ തെരേസയുടെ കർമലസഭയിലും അംഗമായി. അമലോദ്ഭവമാതാവിന്റെ സിസ്റ്റർ ലൂസിയ എന്ന പേരായിരുന്നു അവൾ തിരഞ്ഞെടുത്തത്. ഇതിനിടയിൽ 1926 ഫെബ്രുവരി 15-ാം തീയതിയും ഡിസംബർ 10-ാം തീയതിയും 1929 ജൂൺ 13, 14 തീയതികളിലും അമലോദ്ഭവമാതാവ് സിസ്റ്റർ ലൂസിയയ്ക്കു പ്രത്യക്ഷപ്പെട്ടു. തന്റെ ഹൃദയത്തിനെതിരേ ചെയ്യപ്പെടുന്ന നിരവധിയായ പാപങ്ങൾക്കു പരിഹാരമായി തുടർച്ചയായ അഞ്ചു മാസങ്ങളിലെ ആദ്യശനിയാഴ്ചകളിൽ ജപമാലരഹസ്യങ്ങൾ ധ്യാനിക്കാനും, നല്ല കുമ്പസാരം നടത്തി വിശുദ്ധകുർബാന സ്വീകരിക്കാനും ആവശ്യപ്പെടുകയും ചെയ്തു. 2005 ഫെബ്രുവരി 13 ന് 98-ാം വയസ്സിൽ അന്തരിച്ച സിസ്റ്റർ ലൂസിയയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതിനു മുന്നൊരുക്കമായി ഫ്രാൻസിസ് മാർപാപ്പ 2023 ജൂൺ 22-ാം തീയതി അവളെ ധന്യയായി പ്രഖ്യാപിച്ചു. 1953 ൽ നിർമാണം പൂർത്തിയാക്കിയ ഫാത്തിമയിലെ ജപമാലരാജ്ഞിയുടെ ബസിലിക്കയിൽ ഫ്രാൻസിസ്കോയുടെയും ജസീന്തയുടെയും കല്ലറകൾക്കു സമീപംതന്നെയാണ് സിസ്റ്റർ ലൂസിയയുടെയും മൃതദേഹം അടക്കംചെയ്തത്.

## ഫാത്തിമയിലെ നേർക്കാഴ്ച

ഫാത്തിമയിലെത്തിയ ഞങ്ങൾ ആദ്യം സന്ദർശിച്ചത് മൂന്നു കുട്ടികളുടെയും വീടുകളായിരുന്നു. കരിങ്കൽച്ചീളുകൾ അടുക്കിവച്ച് മണ്ണുതേച്ചു ബലപ്പെടുത്തിയ കുഞ്ഞുകൂരകളായിരുന്നു രണ്ടു വീടുകളും. ഒരു നൂറ്റാണ്ടിലധികം പഴക്കംതോന്നും. രണ്ടു കൊച്ചുമുറികളും ഒരു ചെറിയ അടുക്കളയുംമാത്രം. കുട്ടികൾ ഉപയോഗിച്ചിരുന്ന കുഞ്ഞുകട്ടിലുകളും കസേരകളും ധാന്യം സൂക്ഷിച്ചിരുന്ന പെട്ടിയും അതേപടി സംരക്ഷിച്ചിരിക്കുന്നു. വീടിനുപുറത്തുള്ള ചാർത്തിൽ വിറകുകൾ അടുക്കിവച്ചിരിക്കുന്നു. മുറ്റത്തിനടുത്തുതന്നെ ആടുകൾക്കുള്ള അടച്ചുറപ്പുള്ള ഒരു ഷെഡ്ഡും കാണാനായി. ഫാത്തിമയിലെത്തുന്ന സന്ദർശകരെല്ലാം മൂവരുടെയും ഭവനങ്ങൾ സന്ദർശിക്കാനും സമയം കണ്ടെത്തും. വീടുകൾക്കടുത്തുവരെ വാഹനങ്ങൾ എത്തുമെങ്കിലും ജപമാല ചൊല്ലി പ്രാർഥിച്ചുകൊണ്ടു നടന്നാണ് ഞങ്ങളുടെ തീർഥാടകസംഘം താമസസ്ഥലത്തുനിന്നും അവിടെയെത്തിയത്. നൂറുവർഷങ്ങൾക്കിപ്പുറവും വീടും പരിസരങ്ങളും നിരത്തുകളുമെല്ലാം അതേപടി നിലനിർത്തിയിട്ടുണ്ട്. വീട്ടുകാരുടെയും കരപ്രമാണികളുടെയും എതിർപ്പുമൂലം വീടിനു പുറത്തിറങ്ങാൻ കഴിയാതെ വന്ന ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പ്രത്യക്ഷീകരണങ്ങൾ വീടിനടുത്തുതന്നെയാണു നടന്നത്. അവിടെ കന്യകാമാതാവിന്റെ ഒരു ചെറിയ കപ്പേളയും 1916 ൽ 'സമാധാനത്തിന്റെ മാലാഖ' കുട്ടികൾക്കു ദർശനം നൽകിയെന്നു കരുതപ്പെടുന്ന സ്ഥലത്തെ സ്മാരകങ്ങളും വറ്റാത്ത ഒരു കിണറും ഞങ്ങൾ സന്ദർശിച്ചു.

അമലോദ്ഭവമാതാവു പ്രത്യക്ഷപ്പെട്ട അതേ സ്ഥലത്ത് അമ്മയുടെ ആവശ്യപ്രകാരം 1919 ൽ 'പ്രത്യക്ഷീകരണചാപ്പൽ' നിർമിച്ചു. ചാപ്പലിന്റെ മധ്യത്തിൽ സ്ഥാപിച്ച മാർബിൾശിലയിൽ സിസ്റ്റർ ലൂസിയയുടെ നിർദേശപ്രകാരം 1947 ൽ ആർക്കിടെക്ടായ ജോസ് തെഡിം രൂപകല്പന ചെയ്ത അമലോദ്ഭവമാതാവിന്റെ തിരുസ്വരൂപവും പ്രതിഷ്ഠിച്ചു. ചാപ്പലിനടുത്തുതന്നെയുള്ള ചെറിയ കുന്നിൻചെരുവിലാണ് ജപമാലമാതാവിന്റെ നാമധേയത്തിലുള്ള ബൃഹത്തായ ഒരു ബസിലിക്കയും പണിതുയർത്തിയത്. 25 വർഷങ്ങൾകൊണ്ടു നിർമാണം പൂർത്തിയാക്കിയ ബസിലക്കയിൽ 8,633 ഇരിപ്പിടങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ദൈവാലയത്തിന്റെ മുഖവാരത്തിന്റെ ഉയരം ആരെയും അതിശയിപ്പിക്കും (65 മീറ്റർ, 219 അടി).

ഫാത്തിമാസന്ദർശനത്തിൽ ഏറ്റവും ശ്രദ്ധേയമായി കണ്ടത് എല്ലാ ദിവസവും മുടങ്ങാതെ നടത്തുന്ന ജപമാലപ്രദക്ഷിണമാണ്. ലോകമെമ്പാടുംനിന്ന് ഫാത്തിമയിലെത്തുന്ന വിവിധ രാജ്യങ്ങളിൽനിന്നുള്ളവർക്ക് സ്വന്തം ഭാഷയിൽ ജപമാല ചൊല്ലി പ്രാർഥിക്കാൻ അവസരമുണ്ട്.

ഞങ്ങളെപ്പോലെ കേരളത്തിൽനിന്നുമെത്തിയ മറ്റൊരു സംഘത്തിന് ജപമാലയിൽ പങ്കെടുക്കാൻ കഴിഞ്ഞു. ഞങ്ങൾക്കു നേതൃത്വം നൽകിയ ഫാ ബിനു തൊട്ടിയിൽ എം എസ് റ്റിക്ക് പ്രത്യക്ഷീകരണചാപ്പലിൽ രണ്ടു

ശേഷം 15-ാം പേജിൽ

നോവൽ 15

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

**കു**ഞ്ഞിരാമന്റെ ചേട്ടൻ ശിവനും അപ്പനുംകൂടി അവരുടെ യൗവനാരംഭത്തിൽ ഉഗ്രനൊരിടിയുണ്ടാക്കിയിട്ടുണ്ട്.

വല്യപ്പച്ചൻ ബിസിനസ്സ് നടത്തി ധാരാളം പണം സമ്പാദിച്ചതിനാൽ അല്ലലറിയാതെയാണ് അപ്പൻ വളർന്നത്. വല്യപ്പച്ചൻ വീടുകൾ പണിത് വാടകയ്ക്കു കൊടുത്തു. സ്ഥലങ്ങൾവാങ്ങി നല്ല പണിക്കാരെ വച്ച് വിവിധങ്ങളായ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും കൃഷികൾ നടത്തിയും ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. ശിവങ്കുട്ടിക്കൊക്കെ കുറേയധികം സ്ഥലമുണ്ടായിരുന്നു. ആകെയുള്ളത് കുറെ തെങ്ങുകളും മാവുകളും മാത്രം. പറമ്പു നിറയെ കൂവയും പുല്ലും വളർന്ന് കാടുകയറിക്കിടക്കുന്നു.

തറവാട്ടിലെ പശു കെട്ടഴിഞ്ഞോടി അവരുടെ പറമ്പിൽ കുറേനാശങ്ങൾ വരുത്തി. തെങ്ങിൻതൈകൾ ഉൾപ്പടെ കുറെയൊക്കെ തിന്നുനശിപ്പിച്ചു. അപ്പൻ പശുവിനെ അന്വേഷിച്ചു ചെല്ലുമ്പോൾ ശിവങ്കുട്ടി കല്ലുകളും കൊഴിയുംവച്ച് പശുവിനെ എറിയുന്ന കാഴ്ച അപ്പനു സഹിക്കാനായില്ല. രണ്ടുപേരും വായിൽ വന്നതൊക്കെ വിളിച്ചു പറഞ്ഞു, പരസ്പരം കൈയേറ്റം നടത്തി. പിന്നീടൊരിക്കലും ആ സുഹൃത്തുക്കൾ തമ്മിൽ മിണ്ടിയിട്ടേയില്ല.

ദുരഭിമാനിയായ അപ്പൻ സമ്മതിച്ചില്ലേലും അമ്മ അവളെ പഠിപ്പിക്കാൻ വിടും. അതാണവളുടെ ആകെയുള്ള പ്രത്യാശ.

മേഴ്സി ഒരു ചെറിയ ശ്രമവും കൂടി നടത്തി.

"അമ്മേ, ലിസിയെ ഇപ്പം പഠിപ്പിക്കണ്ടാ, എനിക്കു ജോലി കിട്ടുമ്പം ഞാൻ പഠിപ്പിക്കാം."

അമ്മയ്ക്കും ലിസിക്കും മേഴ്സിയുടെ മനസ്സിലിരിപ്പ് പിടികിട്ടി. ഒന്നാമതായി വീട്ടിലെ ജോലികളുടെ നല്ലൊരു പങ്ക് മേഴ്സിയുടെയും തലയിൽ വന്നുപതിക്കുമെന്ന ഭയമാണ്. ലിസി പഠിക്കാൻ പോയാൽപ്പിന്നെ മേഴ്സിയെ അതു ബാധിക്കും.

അമ്മയെ പാട്ടിലാക്കി ടൈപ്പ്റൈറ്റിങ്ങും ഷോർട്ട്ഹാൻഡും ഇംഗ്ലീഷും മലയാളവും പഠിക്കുന്നുണ്ട്. എളുപ്പം പരീക്ഷയെഴുതാനായി ടൈപ്പ്റൈറ്റിങ്ങൊക്കെ ഡബിൾടൈം എടുത്താണ് പഠിക്കുന്നത്. കീറിയതു തുന്നാനും പുതിയതു തയ്ച്ചെടുക്കാനുമൊക്കെ തയ്യൽപഠനം അത്യാവശ്യമെന്ന് അമ്മയെ ബോധ്യപ്പെടുത്തിയിട്ടാണ് മേഴ്സി തയ്യൽ പഠിക്കുന്നത്. പശുക്കിടാവിനെ വിറ്റ് ഒരു തയ്യൽമെഷീൻ വാങ്ങിത്തരാം എന്ന് അമ്മയുടെ വാക്കും വാങ്ങിയിട്ടുണ്ട്.

മക്കളുടെ ജീവിതം കരുപ്പിടിപ്പിക്കാൻ കുടുംബത്തിന്റെ അലുക്കിട്ട കുടക്കീഴിൽനിന്നു മാറി, അമ്മ എല്ലാ ദുരഭിമാനവും വെടിഞ്ഞു. അമ്മയ്ക്കൊരൊറ്റ ലക്ഷ്യം മാത്രം, മക്കൾ എല്ലാരുമൊന്നു പഠിച്ചു മിടുക്കരായാൽ മാത്രം മതി.

എന്തായാലും വടക്കേടത്തെ വല്യമ്മയുടെയും അംബുജാമ്മയുടെയും ശിപാർശ ഫലപ്രാപ്തിയിലെത്തി. കുഞ്ഞിരാമൻ എന്ന രാമൻനായരുസാർ ഉദാര മനസ്ഥിതി പ്രകടമാക്കി. രണ്ടുപേരിൽ ഒരാളിപ്പോൾ പഠിക്കുന്നതുപോലെ മുഴുവൻ ഫീസും നല്കി പഠിക്കുക. പുതുതായി ചേരുന്നയാൾ യാതൊരു ഫീസും നല്കേണ്ടതില്ല.

അമ്മ പശുവിൻനെയ്യ് ഉരുക്കിയെടുത്തു മാറ്റിവച്ചു, ലിസിമോളെക്കൊണ്ട് പള്ളിവിളക്കിലൊഴിച്ചു കത്തിച്ച്, ദൈവത്തെ സ്തുതിക്കാൻ.

ചാക്കോച്ചൻ പറഞ്ഞതുപോലെ, ടൈപ്പ്റൈറ്റിങ് ഡബിൾ ടൈം എടുത്തു, ഇംഗ്ലീഷ് ഷോർട്ടുഹാൻഡും പഠിക്കാൻ തുടങ്ങി. ടൈപ്പുചെയ്യാൻ ഒരു പേപ്പറു മേടിക്കാൻപോലും മാർഗമില്ല. അതിനുള്ള വഴികൂടെ ഇനി കണ്ടെത്തണം. കേൾക്കുന്നവർക്കു നിസ്സാരമാണ്, അനുഭവിക്കുന്നവർക്കേ അതിന്റെയാഴം മനസ്സിലാവൂ.

ചിരട്ടപ്പാൽ, മൺപാൽ, തേങ്ങാ, കുരുമുളക്, അടയ്ക്കാ തുടങ്ങിയതിന്റെയൊക്കെ ചെറിയചെറിയ തോട്ടങ്ങൾ അപ്പൻ കച്ചോടം ചെയ്യുന്നുണ്ട്. ഒറ്റയ്ക്കു ജോലിചെയ്യാൻ അപ്പന് ആരോഗ്യമില്ല, ശ്വാസംമുട്ടലുണ്ട്. അതുകൊണ്ട് കൂട്ടിന്, കൂലിക്ക് ആളെ കൊണ്ടുപോകും. ചില വിരുതന്മാർ പങ്കിനേ വരൂ. അപ്പോൾ വരുമാനം നന്നേ കുറയും.



എങ്കിലും കിട്ടുന്നകാശിൽ മുക്കാൽ ഭാഗവും വീട്ടാവശ്യങ്ങൾ നടത്താനായി അമ്മയെ ഏല്പിക്കും.

അമ്മയറിയാതെ ലിസി അപ്പന്റെ പിന്നാലെ ചെന്ന് രഹസ്യത്തിൽ ചോദിക്കും: "ഇച്ചാച്ചാ എനിക്കു കടലാസും ബുക്കും ഒക്കെ വേണം. ഇച്ചിരെ പൈസാ തരാവോ."

ശബ്ദം താഴ്ത്തി അപ്പൻ പറയും: "കിട്ടിയത് ഞാൻ അമ്മേ ഏല്പിച്ചിട്ടുണ്ട്, പോയി അമ്മയോടു ചോദിച്ചുവാങ്ങ്."

"ഇല്ലിച്ചാച്ചാ, അമ്മ തരില്ലെന്നു പ്രത്യേകം പറഞ്ഞിട്ടാ എന്നെ പഠിപ്പിക്കാൻ വിട്ടത്."

അപ്പൻ മുണ്ടിന്റെ കോന്തലയിൽ എളിയിൽ തിരുകിയ പണത്തിൽനിന്ന് ഒരു രൂപാകൊടുത്തു. ലിസിക്ക് നിധികിട്ടിയ സന്തോഷമായി.

ഏറെനാൾ ആ സന്തോഷം തുടരാൻ പ്രിൻസിപ്പൽ ജേക്കബ് സാർ സമ്മതിച്ചില്ല. അറ്റൻഡൻസ് രജിസ്റ്ററിൽ പേരുചേർത്ത് പരീക്ഷയ്ക്കിരുത്തണമെങ്കിൽ ഫീസ് കൂടിയേതീരു എന്നയാൾ ശാഠ്യം പിടിച്ചു. മേഴ്സിക്കതു ഗുണകരമായി. രണ്ടുപേർക്കും ഇംഗ്ലീഷ്‌വിഷയങ്ങൾക്കു മാത്രം പകുതി ഫീസ് എന്നായി പുതിയ രീതി. 'പാപി ചെല്ലുന്നിടം പാതാളം' എന്നല്ലേ?

ലിസിക്ക് ഇപ്പോൾ തോട്ടിലെ തുറന്ന കുളി നാണമായിത്തുടങ്ങി. അവൾ കുറെ കപ്പത്തണ്ടു നാട്ടി അമ്മ മെടഞ്ഞുവച്ച കുറെയോലകൾ ഉപയോഗിച്ച് ഒരു കുളിപ്പുര കെട്ടി, അതിൽ കുളിച്ചു. വീട്ടിൽ എല്ലാവർക്കും അത് കൗതുകമായി. സുമയും സാജനുമൊക്കെ, എന്തിനേറെ വാകത്താനത്തെ വല്യമ്മച്ചി വന്നപ്പോൾ, വല്യമ്മച്ചിപോലും ആ കുളിപ്പുര ഉപയോഗിച്ചു.

അപ്പൻ മുരിക്കിന്റെ കാലുകൾ അലവാങ്കുപയോഗിച്ചു തൂണുകളായി നാട്ടി, തെങ്ങോല വച്ചുപാകിക്കെട്ടി ആ സ്നാന സൗധത്തിന് മോടിയും ഉറപ്പും കൂട്ടി.

മേഴ്സിയും അമ്മയും പതിവുപോലെ തോട്ടിൽപ്പോയി കുളിച്ചു. മേഴ്സി ലോകകാര്യങ്ങളൊക്കെ പൊടിപ്പും തൊങ്ങലുംചേർത്ത് അമ്മയെ കേൾപ്പിക്കും. ആ സംസാരത്തിൽ ലയിച്ച് മേഴ്സിയുടെ വസ്ത്രങ്ങൾകൂടി അമ്മ അലക്കിക്കൊടുക്കും. ഈ സമയം മേഴ്സിക്കും അമ്മയ്ക്കുമുള്ള താളി ഒടിച്ച് അലക്കുകല്ലിൽ ഉരച്ച് മേഴ്സിയെടുക്കും. കുളി കഴിഞ്ഞു വരുന്ന അമ്മയുടെയും മേഴ്സിയുടെയും നിറവും സൗന്ദര്യവും ഒന്നു കാണേണ്ടതുതന്നെയാണ്. എന്താ സൗന്ദര്യം! ആരുമൊന്ന് നോക്കിനിന്നുപോകും!

കൂടുതൽ സുന്ദരി അമ്മയാണ്. റോസ് കലർന്ന വെളുത്തനിറമാണ് അമ്മയ്ക്ക്. നല്ല ഗോതമ്പുമണിയുടെ നിറം. അമ്മയുടെ മുടി തുമ്പുകെട്ടി അഴിച്ചിടുന്നത് കാണാൻ നല്ല ചേലാണ്. ചുരുണ്ട ഈറൻമുടി അലയലകളായി കിടക്കും. അമ്മയുടെ നുണക്കുഴിക്കവിളിൽ സദാ ഒരു പുഞ്ചിരി ഒളിഞ്ഞിരിക്കും. മൂക്കിൻതുമ്പത്തും കവിളത്തുമുള്ള മറുകുകൾ മുൻശുണ്ഠിയുടേതാണെന്ന് അപ്പൻ പറഞ്ഞ് കളിയാക്കും.

മേഴ്സിക്ക് മഞ്ഞകലർന്ന വെളുപ്പുനിറമാണ്. മേഴ്സിയോടു പിണങ്ങുമ്പോൾ സഹോദരങ്ങൾ വിളിക്കുന്നത് മംഗോളിയത്തി എന്നാണ്.

പാലു വാങ്ങാൻ വരുന്നവർ ഒന്നാംതീയതി കൊടുക്കുന്ന പണം കണക്കു നോക്കി വാങ്ങുന്നതു മേഴ്സിയാണ്. സൂത്രത്തിൽ അമ്മയെക്കൊണ്ട് അവൾക്കു വേണ്ടതൊക്കെ വാങ്ങിച്ചെടുക്കും.

വീട്ടിൽ പണത്തിന് അത്യാവശ്യം വന്നാൽ അമ്മയുടെ സ്വർണ്ണം പണയംവയ്ക്കുന്നത് മേഴ്സിയാണ്. അപ്പോൾ ഇത്തിരി കൈക്കൂലി അമ്മ കൊടുക്കും പണയമെടുക്കുമ്പോളും ശകലം അടിച്ചുമാറ്റും. അപ്പനോട് അത്ര വിശ്വാസം പോരാത്തതിനാൽ അമ്മ പറയും: "ലിസിമോളു... കൊണ്ടെ അമ്മേടെ ഒരു വള ബാങ്കിൽ വച്ചിട്ടു വാ, ഞാൻ മോക്കു കുറച്ചു പൈസാ തരാം."

ലിസിക്ക് ബാങ്കിങ് ഇടപാടുകളൊന്നും ഇഷ്ടമല്ല.

മേഴ്സിയാണെങ്കിൽ ഞാൻ ചെയ്യാം എന്നുപറഞ്ഞ് ചാടിച്ചാടി നില്ക്കുകയും ചെയ്യും.

അമ്മയുടെ പ്രൈവറ്റ് സെക്രട്ടറി എന്നു പേരു വീണിട്ടുണ്ട് മേഴ്സിക്ക്. എന്തു കേട്ടാലും കുലുക്കമില്ല, 'പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല' എന്ന മട്ടാണ്. കൂസലില്ലാത്ത പ്രകൃതം, അതാണവളുടെ മുഖമുദ്രയും.

വീടിന്റെ പിൻമുറ്റത്ത് ചാണകം ഉണക്കാനിട്ടിരിക്കുന്നു, അതിന്റെ മണം കുമുകുമാന്ന് മൂക്കിലേക്കടിച്ചു കയറുന്നു. പടിഞ്ഞാറേ ഇത്തിരിമുറ്റത്ത്, അപ്പൻ ചിരട്ടപ്പാൽ ഉണക്കാൻ ചിക്കുപായയിൽ വിരിച്ചിട്ടിരിക്കുന്നു. ചിരട്ടപ്പാലിന്റെ നാറ്റം അസഹനീയമാണ്. നടവാതിൽമുറ്റത്ത് മെടയാനുള്ള ഓലക്കെട്ടുകൾ ഇട്ടിട്ടുണ്ട്, അതിനൊരു പുളിമണം. കിഴക്കുവശത്ത് മുറ്റമില്ല, ഒരു ഓടയും ഓടയോടു ചേർന്നൊരു മതിലും കെട്ടിയിരിക്കുന്നു. നടവാതിൽമുറ്റത്ത് കിഴക്കരുകിലായിട്ടാണ് കിണറ്. വേനൽക്കാലമായാൽ റോഡിലൂടെ പോകുന്ന നിരവധിയാളുകൾ വന്ന് വെള്ളം കോരി കുടിക്കും. തൊട്ടിയിൽനിന്ന് മൊത്തിക്കുടിക്കാതിരിക്കാൻ ഒരു സ്റ്റീൽ മഗ്ഗ് വണ്ണം കുറഞ്ഞ കയറിൽ കിണറിന്റെ തൂണിൽ നീളത്തിൽ കെട്ടി പാതകത്തിൽ കമിഴ്ത്തിവച്ചിട്ടുണ്ട്. തൊട്ടി കിണറ്റുപാതകത്തിൽ കമിഴ്ത്തി വയ്ക്കുകയോ കപ്പിയോടൊപ്പമുള്ള പ്ലാസ്റ്റിക് കൊളുത്തിൽ തൂക്കിയിടുകയോ ചെയ്യും.

വഴിയാത്രക്കാരിൽ പലരും കാലും മുഖവും കഴുകി വെള്ളവും കുടിച്ചു പോകുമ്പോൾ മുറ്റം വൃത്തികേടാകാതെ ഓടയിലൂടെ വെള്ളം ഒലിച്ചുപോകും. കിണറും പരിസരവും ഏറ്റവും വൃത്തിയായി സൂക്ഷിക്കുന്നതിൽ അമ്മ വളരെ ശ്രദ്ധാലുവാണ്. ഓട വൃത്തിയാക്കൽ നിത്യവും സുമയുടെ ജോലിയാണ്. ജോലികൾ അമ്മ മക്കൾക്കു പകുത്തു കൊടുത്തിരിക്കുന്നു. ഓടയിൽ മാലിന്യങ്ങളില്ലാത്തതിനാൽ വെറുതെയൊന്ന് ചൂലെടുത്ത് അടിച്ചുവിട്ടാൽമതി, കൂട്ടത്തിൽ കിണറ്റിൻപാതകം പായൽ പിടിക്കാതിരിക്കാൻ കുമ്മായമിട്ട് അടിച്ചു കഴുകണം. സുമയ്ക്ക് വേറെ ജോലികളൊന്നുമില്ല.

കൊഞ്ചൽ കൂടുതലുള്ള സുമ അപ്പനോടു പരാതി പറഞ്ഞു: "എന്തൊരു നാത്തമാ ഈ വീട്ടില്, ചിരട്ടപ്പാലും ചാണകോം ഓലപ്പുളിനാത്തോം."

"ഇതൊക്കെ വിറ്റുകിട്ടുന്ന കാശുകൊണ്ടു വാങ്ങിക്കഴിക്കുന്ന ചോറിനും പലഹാരങ്ങൾക്കും വല്ല നാത്തോമൊണ്ടോ."

"നാറ്റംന്ന് പറ പെണ്ണേ, നിന്നെ ദേ ഇച്ചാച്ചൻ കളിയാക്കിയതാ" ലിസി പറഞ്ഞു.

ആ സംഭവം അടിയിൽ കലാശിച്ചു. നിർത്താതെ കരഞ്ഞ സുമയെ സന്തോഷിപ്പിക്കാൻ എറമ്പിൽ വച്ചിരുന്ന പുളിവാറെടുത്ത് ലിസ്സിയുടെ നേരേ അപ്പൻ വീശി, ഉഗ്രനൊരടി കൊള്ളുന്നതായി ലിസിയും അഭിനയിച്ചു. എങ്കിലും വടിയുടെ തുമ്പുകൊണ്ട് അവൾക്കു വേദനിച്ചു.

*ശേഷം 12-ാം പേജിൽ*

Deepanalam Weekly
RNI No : 16998/68
Vol. 58 No. 12 Date of Publication 22 May 2025
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org